"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - എറണാകുളം ജില്ല - കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1335/2023/LSGD തീയതി,തിരുവനന്തപുരം, 28-06-2023

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 09/05/2016 ലെ ഇ7(എസ്.സി.79/15/ഇ.കെ.എം.) 33150/2015 നമ്പർ കത്ത്.
2. സർക്കാരിന്റെ 24/01/2017 ലെ ഇപിബി2/170/2016/തസ്വഭവ. നമ്പർ കുറ്റപത്രം.
3. ശ്രീ. കെ.എസ്. പ്രകാശൻ. 02/05/2017 ൽ സമർപ്പിച്ച എതിർവാദ പത്രിക.
4. പഞ്ചായത്ത് ഡയറക്ടറുടെ 25/09/2017-ലെ ഡി2-5848/2017 നമ്പർ കത്ത്.
5. സ.ഉ(സാധാ)3658/2017/ത.സ്വ.ഭ.വ. തീയതി 14/11/2017.
6. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19/04/2018 ലെ ഡി2--2674/17 നമ്പർ കത്ത്.
7. സർക്കാരിന്റെ 04/09/2018 ലെ 170/ഇപിബി2/2016/തസ്വഭവ. നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
8. ശ്രീ. കെ.എസ്. പ്രകാശൻ കാരണം കാണിക്കൽ നോട്ടീസിന് 08/12/2018 ൽ സമർപ്പിച്ച മറുപടി
9. പഞ്ചായത്ത് ഡയറക്ടറുടെ 08/01/2020-ലെ PAN/13925/2019-D2(DP) നമ്പർ കത്ത്.
10. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 20/05/2023 ലെ A1-1/39/2022-kpsc നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് വീടുവയ്ക്കാൻ സാധ്യമല്ലാത്ത, തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽവരുന്ന സ്ഥലം വാങ്ങി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം സാധിക്കുന്നതിന് വീഴ്ച വരുത്തിയ കരുമാല്ലൂർ

പഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശനെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുവാൻ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

പട്ടികജാതി വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വീട് വെക്കുന്നതിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങിയതിൽ ഗുരുതരമായ കൃത്യവിലോപവും ചട്ടലംഘനവും അച്ചടക്കരാഹിത്യവും നടത്തിയതായി കണ്ട് സെക്രട്ടറി ശ്രീ. കെ. എസ്. പ്രകാശനെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. കുറ്റപത്രത്തിന്മേൽ ടിയാളുടെ പരാമർശം (3) പ്രകാരമുള്ള എതിർവാദപത്രികയിന്മേൽ പരാമർശം (4) പ്രകാരം എറണാകുളം പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പ്രകാരം, എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷത്തിൽ ഡി.പി.സി അംഗീകാരം നേടിയ 'പട്ടികജാതി ഭൂരഹിതർക്ക് വീട് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങൽ' എന്ന പ്രോജക്ട് നടപ്പിലാക്കുന്നതിനായി 11.12.2011 തീയതിയിൽ മാതൃഭൂമി ദിനപത്രത്തിൽ ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുകയും ആയത് പ്രകാരം ശ്രീ പി.ജെ.ആന്റണി, പുളിക്കൽ, 50 സെന്റ് സർവ്വേ നം. 273/11, ശ്രീ ശ്രീനിവാസൻ, ഇടമനപ്പറമ്പിൽ 60 സെന്റ് (സർവ്വേ നം.279/1 ഓഫർ വില സെന്റ് ഒന്നിന് 28,000/- രൂപ), ശ്രീ കെ.എസ്.സഹജൻ കമ്പനി പറമ്പിൽ 88 സെന്റ്,(സർവ്വേ നം.285/3സി, 285/6- ഓഫർ വില സെന്റ് ഒന്നിന് 30,000/-രൂപ) എന്നിവർ നിശ്ചിത തീയതിയായ 23.12.2011 നകം ക്വട്ടേഷനുകൾ സമർപ്പിക്കുകയും ചെയ്തു. 30.01.2012 ലെ ഭരണസമിതി യോഗ തീരുമാന പ്രകാരം രൂപീകൃതമായ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, സെക്രട്ടറി, രണ്ട് മെമ്പർമാർ, വി.ഇ.ഒ എന്നീ അംഗങ്ങൾ ഉൾപ്പെടുന്ന തിരച്ചിൽ സമിതി 15.03.2012ന് പ്രസ്തുത അപേക്ഷകൾ പരിശോധിക്കുകയുണ്ടായി. ശ്രീ പി.ജെ.ആന്റണിയുടെ അപേക്ഷ മണ്ണെടുത്ത് കഴിയായ സ്ഥലമായതിനാൽ വാസയോഗ്യമല്ല എന്ന കാരണത്താലും ശ്രീ ശ്രീനിവാസന്റെ അപേക്ഷ പ്രസ്തുത സ്ഥലത്തേക്ക് വഴിയില്ല എന്നുള്ള കാരണത്താലും നിരസിച്ചു. ശ്രീ. സഹജന്റെ അപേക്ഷ പരിഗണിക്കുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം ഭൂമി സംബന്ധിച്ച് എല്ലാ രേഖകളും ഹാജരാക്കുന്നതിന് 16.03.2012ന് ശ്രീ. സഹജന് നിർദ്ദേശംനൽകുകയും ചെയ്തിരുന്നു.

പത്രത്തിലെ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി 23.12.2011 ആണ്. എന്നാൽ 28.03.2012ന് ലഭിച്ച ശ്രീമതി അമ്മിണി തോമസ് എന്നയാളുടെ അപേക്ഷയിൽ തിരച്ചിൽ സമിതിയുടെ അംഗീകാരം ഇല്ലാതെ പരിഗണിച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. 19.03.2012 ന് ചേർന്ന പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ ശ്രീമതി അമ്മിണിയുടെ ഉടമസ്ഥതയിലുള്ള 285/01 സർവ്വേ നമ്പറിൽപെട്ട 32.38 ആർ വസ്തു വാങ്ങുന്നതിന് 1(2) നമ്പറായി തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അമ്മിണി തോമസ് വസ്തു വിൽക്കുന്നതിനുള്ള രേഖാമൂലമുള്ള കത്ത് നൽകിയിട്ടുള്ളത് 28.03.2012നാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യേറ്റം ഒഴിപ്പിക്കലും) ചട്ടം 2005 ലെ ചട്ടം 3.3(1) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യതാ സാക്ഷ്യപത്രം വാങ്ങുക, കൂടാതെ ചട്ടം 5(ബി) പ്രകാരം വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ജില്ലാ ഗവൺമെന്റ് പ്ലീഡറെ കൊണ്ട് അന്വേഷിപ്പിക്കുക, ചട്ടം 5(സി) പ്രകാരം

ആർജ്ജിക്കുന്ന വസ്തുവിന്റെ വില നിശ്ചയിക്കുവാൻ തഹസീൽദാരോടോ, ജില്ലാ കളക്ടറോടോ ആവശ്യപ്പെടുക തുടങ്ങിയ കാര്യങ്ങളിലും അവ്യക്തത നിലനിൽക്കുന്നു. ബി.റ്റി.ആർ പ്രകാരം നിലമായതിനാൽ പഞ്ചായത്ത്, ഭൂമി വാങ്ങുന്നതിന് തീരുമാനം എടുത്തിട്ടുള്ളതാണ്. റോഡ് നിരപ്പിൽ നിന്ന് ഏകദേശം ആറടി താഴ്ചയിലാണ് നിലം സ്ഥിതി ചെയ്യുന്നത്.

കരുമാലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഈ കാലയളവിൽ അക്കൗണ്ടന്റ് ആയി ജോലി ചെയ്തിരുന്ന ശ്രീ. യൂജിൻ ജോർജ്ജ് മേൽ സൂചിപ്പിച്ച അപാകതകൾ വ്യക്തമാക്കി നോട്ട് എഴുതിയിട്ടുണ്ട്. എന്നിരുന്നാലും 04.04.2012ലെ ഡി.ഡി. പ്രകാരം 17,81,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ ഈ വിഷയം സംബന്ധിച്ച് കരുമാലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. എസ്. പ്രകാശന്റെ ഭാഗത്തു നിന്നും പദ്ധതി നിർവ്വഹണത്തിൽ മേൽ സൂചിപ്പിച്ച ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായും പ്രസ്തുത സ്ഥലത്ത് യാതൊരു നിർമ്മാണ പ്രവർത്തനവും ആരംഭിച്ചിട്ടില്ലായെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിരുന്നു.

ടിയാനെതിരായ ആരോപണങ്ങളെല്ലാം നിലനിൽക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഔപചാരിക അന്വേഷണത്തിനായി എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ പരാമർശം (5) ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിരുന്നു.

ശ്രീ. കെ.എസ്. പ്രകാശൻ 31.05.2018 ൽ സേവനത്തിൽ നിന്നും വിരമിച്ച വിവരവും പരാമർശം (6) പ്രകാരമുള്ള എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. ശ്രീ. കെ.എസ്. പ്രകാശന്റെ ഭാഗത്തുനിന്നും ഗുരുതരമായി വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് കണ്ട് ടിയാൻ വിരമിച്ച സാഹചര്യത്തിൽ ടിയാനെതിരെ കഠിനശിക്ഷ നൽകി അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി KSR Part III Rule 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (7) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന് പരാമർശം (8) പ്രകാരം ടിയാൻ മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടിയാൻ സമർപ്പിച്ച മറുപടിയിന്മേൽ പരാമർശം (9) പ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ അഭിപ്രായ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

ഔപചാരിക അന്വേഷണം നടത്താൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 15.02.2018ൽ കരുമാല്ലൂരിൽ നേരിട്ട് അന്വേഷണം നടത്തുകയും ശ്രീ. കെ. എസ്. പ്രകാശനെ നേരിൽ കേൾക്കുകയും പരാതിക്കാധാരമായ സ്ഥലം നേരിൽ പരിശോധിക്കുകയും ചെയ്തു. 2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട എസ്.സി ഗുണഭോക്താക്കൾക്ക് വീട് വെയ്ക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പദ്ധതി പ്രകാരം ബി.ടി.ആറിൽ നിലം എന്ന രേഖപ്പെടുത്തിയ സ്ഥലം പഞ്ചായത്തിലെ തിരച്ചിൽ സമിതിയുടെ അനുവാദമില്ലാതെയോ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യതാ സാക്ഷ്യപത്രമില്ലാതെയോ ആണ് വാങ്ങിയിട്ടുള്ളത്. പ്രഥമദൃഷ്ട്യാ തന്നെ നിലമാണെന്നും പ്രസ്തുത സ്ഥലത്തേക്ക് എത്തിച്ചേരുന്നതിന് വഴി പോലുമില്ലാത്തതുമാണെന്നും ഔപചാരിക അന്വേഷണത്തിൽ തന്നെ ബോധ്യപ്പെട്ടിട്ടുള്ളതാണ്. പ്രോജക്റ്റിന്റെ ഉദ്ദേശലക്ഷ്യം നിറവേറ്റുന്നതിന് ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങിയത് മൂലം ഗുരുതരമായ അച്ചടക്കലംഘനം തന്നെയാണ് നടത്തിയിട്ടുള്ളത്. ഫെയർ വാല്യൂവിനേക്കാൾ താഴെയുള്ള

വിലയ്ക്കാണ് വാങ്ങിയതെന്നും സർക്കാരിന് നഷ്ടം സംഭവിച്ചിട്ടില്ലായെന്നത്കൊണ്ട് ടിയാൻ ചെയ്ത പ്രവൃത്തി ന്യായീകരിക്കപ്പെടുന്നതുമല്ല. പട്ടികജാതി വിഭാഗക്കാർക്ക് യഥാസമയം ലഭിക്കേണ്ട ആനുകൂല്യം ടിയാന്റെ പ്രസ്തുത പ്രവൃത്തി കാരണം നിരസിക്കപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്. ടി സ്ഥലം കൈയ്യൊഴിയുന്നതിന് സർക്കാരിനോട് 2015 ൽ അഭ്യർത്ഥിച്ചിട്ടുള്ളതാണെന്ന് ടിയാൻ പറയുന്നുണ്ടെങ്കിലും പ്രസ്തുത ഫയൽ സംബന്ധിച്ചോ ആയതിന്റെ തുടർനടപടികൾ സംബന്ധിച്ചോ വ്യക്തതയില്ലാത്തതാണ്.

ടിയാൻ നൽകിയ മൊഴിക്ക് വിരുദ്ധമായാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നത് വാസ്തവ വിരുദ്ധമാണ്. ബി.ടി.ആർ സംബന്ധിച്ച രേഖപ്പെടുത്തലുകളുടെ പ്രാധാന്യം 2015 മുതൽക്കാണ് പഞ്ചായത്തുകൾ പരിഗണിക്കാൻ തുടങ്ങിയതെന്ന് ടിയാൻ നൽകിയ മൊഴി സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടുള്ളത് തന്നെയാണ്. 17.09.2012 ൽ പ്രസ്തുത ഭൂമി പഞ്ചായത്ത് വക ആവശ്യത്തിനെന്ന് ഉൾചേർക്കുന്നതിന് കൃഷി ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും ഭൂമിയുടെ തരം നിലം തന്നെയായതിനാൽ സർക്കാർ വക കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദത്തിനായി നിശ്ചിത ഫോർമാറ്റിൽ കൃഷി ഓഫീസർക്ക് അപേക്ഷ നൽകിയിട്ടില്ലാത്തതും കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുവാദം സർക്കാരിൽ നിന്നും വാങ്ങിയിട്ടില്ലാത്തതുമാണ്.

പ്രൊജക്റ്റിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് 2012-13, 2013-14 വർഷങ്ങളിൽ തുടർ പ്രൊജക്റ്റുകൾ ഉണ്ടാക്കിയെങ്കിലും ടെണ്ടർ നടപടികൾ ചെയ്തിട്ട് പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്ന ടിയാന്റെ പ്രസ്താവനയിൽ നിന്നു തന്നെ ടി ഭൂമി പ്രൊജക്റ്റിന്റെ ലക്ഷ്യം നിറവേറ്റുന്നതിന് ഉതകുന്ന തരത്തിലായിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്. കൂടാതെ ടി വിഷയം സംബന്ധിച്ച് ടിയാന്റെ വാദഗതികളെല്ലാം തന്നെ നിലനിൽക്കുന്നതല്ലായെന്ന് സ്ഥലപരിശോധന നടത്തിയാൽ ആർക്കും ബോധ്യമാകുന്നതാണെന്നും അഭിപ്രായം രേഖപ്പെടുത്തുന്നുണ്ട്.

തുടർന്ന് ടിയാനെ 13.04.2021 ൽ നേരിൽ കേൾക്കുകയും, ചുവടെ ചേർക്കും പ്രകാരം ടിയാന്റെ മൊഴി രേഖപ്പെടുത്തുകയും ചെയ്തു.

കരുമാലൂർ ഗ്രാമപഞ്ചായത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 18.11.2015-ൽ നടത്തിയ മിന്നൽ പരിശോധനാ റിപ്പോർട്ടിൽ ശ്രീ. മനോജിന്റെ പരാതിയിലെ വിഷയം സംബന്ധിച്ച ഉദ്ദേശലക്ഷ്യം സാധിക്കുന്നതിന് അപര്യാപ്തമാണെന്നും നാളിതുവരെ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ലെന്നും ചൂണ്ടിക്കാട്ടിയിട്ടുള്ളത് നിലവിലെ സാഹചര്യത്തിൽ പ്രസക്തമല്ല എന്നും സർക്കാരിനോ പഞ്ചായത്തിനോ യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്നും പറയുകയുണ്ടായി. എന്നാൽ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ പ്രസ്തുത റിപ്പോർട്ട് ലാഘവത്തോടെ കാണുകയും താൻ പറഞ്ഞ മൊഴിയിൽ ചേർത്തിട്ടുള്ളതിനെ അപ്രധാനമായി കണ്ടിട്ടുള്ളതും ഒട്ടും ശരിയല്ല എന്നും റിപ്പോർട്ട് വരുന്നതിന് മുമ്പ് തന്നെ പഞ്ചായത്ത് കമ്മിറ്റി 29.09.2015 ലെ 21(A) നമ്പർ തീരുമാനപ്രകാരം വസ്തു കയ്യൊഴിയുന്നതിന് അനുമതി നൽകുവാൻ അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്. എന്നാൽ അന്വേഷണ ഉദ്യോഗസ്ഥന് ബോധ്യമാകും പ്രകാരം ബന്ധപ്പെട്ട രേഖകൾ പഞ്ചായത്ത് അധികൃതർ നൽകിയിട്ടില്ല. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് താൻ നൽകിയ മൊഴിക്കു വിരുദ്ധമായിട്ടാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് കരുതുന്നതായും അതിനുള്ള താഴെ പറയുന്ന

കാരണങ്ങളും ടിയാൻ ബോധ്യപ്പെടുത്തുകയുണ്ടായി.

ശ്രീമതി അമ്മിണി തോമസിന്റെ ഉടമസ്ഥതയിലുള്ള കരുമാലൂർ വില്ലേജിലെ വസ്തു ബി. ടി ആർ പ്രകാരം നിലമാണ്. എങ്കിലും ബി ടി ആർ സംബന്ധിച്ച രേഖപ്പെടുത്തലുകളുടെ പ്രാധാന്യം 2015 മുതൽക്കാണ് പഞ്ചായത്തുകൾ പരിഗണിക്കാൻ തുടങ്ങിയത് എന്ന് മൊഴി താൻ നൽകിയെന്നത് ശരിയല്ല. അപ്രകാരം ഒരു മൊഴി സ്റ്റേറ്റ്മെന്റ് താൻ നൽകിയിട്ടില്ല. മേൽപ്പറഞ്ഞ വസ്തു 17.09.2012 ൽ തന്നെ പഞ്ചായത്ത് കരട് ഡാറ്റാ ബാങ്കിൽ നിലം എന്നതിന് പകരം പഞ്ചായത്ത് വക ഭൂമിയെന്ന് തരം മാറ്റി റെക്കോർഡ് ചെയ്യപ്പെട്ടിട്ടുള്ളതാണ്. മേൽപ്പറഞ്ഞ വസ്തു പഞ്ചായത്ത് വക ആവശ്യത്തിനെന്ന് ഉൾച്ചേർക്കുകയും പ്രസിദ്ധീകരണത്തിനായി നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കുന്നതിന് കൃഷിയാഫീസർക്ക് നൽകിയിട്ടുള്ളതുമാണ്. 17.9.2012-ൽ പഞ്ചായത്തിൽ പ്രസിദ്ധീകരിക്കുകയും സാങ്കേതിക കാരണങ്ങളാൽ കരട് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. കരട് ഡാറ്റാ ബാങ്ക് പിഡിഎഫ് ഫോർമാറ്റിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന നടപടി 2015 ലാണ് പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ വസ്തുതകൾ മനസ്സിലാക്കാതെ താൻ നൽകിയ മൊഴി തെറ്റായി വ്യാഖ്യാനിച്ച് നിലവിലുള്ള നിയമത്തെ കുറിച്ച് ബോധപൂർവ്വം അജ്ഞത നടിക്കുന്നു എന്ന പരാമർശം തനിക്കെതിരെ അന്വേഷണ ഉദ്യോഗസ്ഥൻ കളവായി ചേർത്തിട്ടുള്ളതായി ബോധിപ്പിക്കുന്നു. ആകയാൽ ഔപചാരിക അന്വേഷണം തൃപ്തികരമല്ലാത്തതും കേവല നീതി നിഷേധവും സാമാന്യ നീതിയുടെ ലംഘനവുമാണെന്നും ബോധിപ്പിച്ചു. ആധികാരിക രേഖകൾ യാതൊന്നും അന്വേഷണ ഉദ്യോഗസ്ഥനോ അതിനായി നിയോഗിച്ച മറ്റ് ഉദ്യോഗസ്ഥരോ പരിശോധിച്ചിട്ടില്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള രേഖകളുടെ അസ്സൽ കണ്ട് ബോധ്യപ്പെട്ടിട്ടില്ല. പ്രസ്തുത പ്രോജക്റ്റ് ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പ്രോജക്റ്റിന്റെ തുടർച്ചയായി 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ തുടർ പ്രോജക്റ്റുകൾ ഉണ്ടാക്കുകയും ഡി പി സി അംഗീകാരം വാങ്ങുകയും ടെൻണ്ടർ നൽകിയിട്ടും പ്രവൃത്തി പൂർത്തീകരിക്കുവാൻ ഇച്ഛാശക്തി കാണിക്കാതിരുന്ന ഭരണ സമിതിയും ഒരു പോലെ കുറ്റക്കാരാണെന്നും പ്രസ്തുത പ്രോജക്റ്റുകളുടെ ഇപ്പോഴത്തെ സ്ഥിതി അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധന നടത്തിയിട്ടില്ലയെന്നും, കാരണംകാണിക്കൽ നോട്ടീസിൽ എടുത്ത താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തരുതെന്ന് അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ച് താഴെ പറയുന്ന നിഗമനത്തിൽ എത്തിച്ചേർന്നു.

വീട് വെയ്ക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പദ്ധതിയുടെ ഉദ്ദേശലക്ഷ്യം നിറവേറ്റുന്നതിന് ഒട്ടും അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങിയത് മൂലം ഗുരുതരമായ അച്ചടക്കലംഘനം തന്നെയാണ് നടത്തിയിട്ടുള്ളത്. പട്ടികജാതി വിഭാഗക്കാർക്ക് യഥാസമയം ലഭിക്കേണ്ട ആനുകൂല്യമാണ് ടിയാന്റെ പ്രവൃത്തി കാരണം നിരസിക്കപ്പെട്ടത്. ടി സ്ഥലം കയ്യൊഴിയുന്നതിന് സർക്കാരിനോട് 2015 ൽ അഭ്യർത്ഥിച്ചിട്ടുള്ളതാണെന്ന് ടിയാൻ പറയുന്നുണ്ടെങ്കിലും പ്രസ്തുത ഫയൽ സംബന്ധിച്ചോ ആയതിന്റെ തുടർ നടപടികൾ സംബന്ധിച്ചോ വ്യക്തത ഇല്ല. ടിയാൻ നൽകിയ മൊഴിക്ക് വിരുദ്ധമായാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്നത് വാസ്തവ വിരുദ്ധമാണ് എന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. സർക്കാർ വക കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദത്തിനായി നിശ്ചിത ഫോർമാറ്റിൽ കൃഷി ഓഫീസർക്ക് അപേക്ഷ നൽകിയിട്ടില്ലാത്തതും

കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുവാദം സർക്കാരിൽ നിന്നും വാങ്ങിയിട്ടില്ലാത്തതുമാണ് എന്നത് വ്യക്തമാണ്. ലഭിച്ച ക്വട്ടേഷൻ ഓഫറുകൾ പരിശോധിക്കുവാൻ രൂപീകരിച്ച തിരച്ചിൽ സമിതി എല്ലാ രേഖകളും ശരിയായി പരിശോധിച്ചോ എന്ന സംശയവും നിലനിൽക്കുന്നു. ശ്രീമതി അമ്മിണി തോമസിന്റെ അപേക്ഷ തിരച്ചിൽ സമിതിയുടെ അംഗീകാരം ഇല്ലാതെ പരിഗണിച്ചതായി വ്യക്തമാകുന്നു. ആകയാൽ ടിയാരിയുടെ അപേക്ഷയുടെ സ്വീകാര്യതയിലും സംശയം നിഴലിക്കുന്നു. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യേറ്റം ഒഴിപ്പിക്കലും) ചട്ടം 2005 ലെ ചട്ടം 3.3(1) അനുശാസിക്കുന്നത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യതാ സാക്ഷ്യപത്രം വാങ്ങുക, കൂടാതെ ചട്ടം 5(ബി) പ്രകാരം വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ജില്ലാ ഗവൺമെന്റ് പ്ലീഡറെ കൊണ്ട് അന്വേഷിപ്പിക്കുക, ചട്ടം 5(സി) പ്രകാരം ആർജ്ജിക്കുന്ന വസ്തുവിന്റെ വില നിശ്ചയിക്കുവാൻ തഹസീൽദാരോടോ, ജില്ലാ കളക്ടറോടോ ആവശ്യപ്പെടുക തുടങ്ങിയ കാര്യങ്ങളിലും അവ്യക്തത നിലനിൽക്കുന്നു. ഇത്തരത്തിൽ ഈ വിഷയം സംബന്ധിച്ച് കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. എസ്. പ്രകാശന്റെ ഭാഗത്തു നിന്നും പദ്ധതി നിർവ്വഹണത്തിൽ മേൽ സൂചിപ്പിച്ച ഗുരുതരമായ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായും പ്രസ്തുത സ്ഥലത്ത് യാതൊരു നിർമ്മാണ പ്രവർത്തനവും ആരംഭിച്ചിട്ടില്ലായെന്നും തെളിഞ്ഞിരിക്കുന്നു.

തുടർന്ന്, KSR Part III Rule 3 പ്രകാരം ശ്രീ. കെ. എസ്. പ്രകാശന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/-രൂപ 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് സർക്കാർ തലത്തിൽ താൽക്കാലിക തീരുമാനമെടുത്ത് ആയത് സ്ഥിരപ്പെടുത്തുന്നതിലേക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയും പരാമർശം (10) പ്രകാരം പ്രസ്തുത തീരുമാനത്തോട് പി.എസ്.സി യോജിപ്പ് അറിയിക്കുകയുമുണ്ടായി.

മേൽ സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ കരുമാല്ലൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.എസ്. പ്രകാശനെതിരെയുള്ള അച്ചടക്ക നടപടിയിൽ KSR Part III Rule 3 പ്രകാരം ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 1000/- രൂപ 5 വർഷത്തേക്ക് കുറവ് ചെയ്യുന്നതിന് സർക്കാർ എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ ഇക്കാര്യത്തിൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ. കെ.എസ്. പ്രകാശൻ, മുൻ സെക്രട്ടറി, കരുമാല്ലൂർ ഗ്രാമപഞ്ചായത്ത്, എറണാകുളം (ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ), തിരുവനന്തപുരം മുഖേന).
3. ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, എറണാകുളം.
4. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. വിജിലൻസ് (ഡി) വകുപ്പ് ( 18/05/2022 ലെ VIG-D3/598/2018-VIG നമ്പർ കുറിപ്പ് പ്രകാരം)

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/213/2018/തസ്വഭവ നമ്പർ ഫയലിലേക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Noushad M
Date: 03-07-2023 10:27:45
സെക്ഷൻ ഓഫീസർ